Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

സംഗ്രഹം

ധനകാര്യ വകുപ്പ് - ദേശീയ സമ്പാദ്യ പദ്ധതി - മഹിളാപ്രധാൻ ഏജന്റുമാർക്കും എസ്.എ.എസ് ഏജന്റുമാർക്കും ഡിസംബർ 2012 മുതൽ മാർച്ച് 2013 വരെയുള്ള കാലയളവിലെ പ്രതിഫലം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (ഭരണം - സി) വകുപ്പ്**

**സ.ഉ.(സാധാ)നം. 4970/13/ധന. തീയതി, തിരുവനന്തപുരം, 11/06/2013**

---

പരാമർശം:- ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിന്റെ അനൗദ്യോഗിക ഫയൽ നം.1678/ ദേ.സ.പ.ബി1/13/ധന

**ഉത്തരവ്**

ദേശീയ സമ്പാദ്യ പദ്ധതി മഹിളാപ്രധാൻ ഏജന്റുമാർക്ക് ഡിസംബർ 2012 മുതൽ മാർച്ച് 2013 വരെയുള്ള നാലു മാസത്തെ പ്രതിഫലമായി 38.52 കോടി രൂപയും എസ്.എ.എസ് ഏജന്റുമാർക്ക് ഇതേ കാലയളവിലെ പ്രതിഫലമായി 0.48 കോടി രൂപയും (ആകെ 39 കോടി രൂപ) അനുവദിക്കുവാൻ പരാമർശം-1 പ്രകാരം ദേശീയ സമ്പാദ്യ പദ്ധതി ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഈ വിവരം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ദേശീയ സമ്പാദ്യ പദ്ധതി മഹിളാപ്രധാൻ ഏജന്റുമാർക്ക് 2012 ഡിസംബർ മുതൽ 2013 മാർച്ച് വരെ നാലു മാസത്തെ പ്രതിഫലം നൽകുന്നതിനായി 38.52 കോടി രൂപയും, എസ്.എ.എസ് ഏജന്റുമാർക്ക് ടി കാലയളവിലേക്ക് പ്രതിഫലം നൽകുന്നതിനായി 0.48 കോടി രൂപയും (ആകെ 39 കോടി രൂപ) "2047-00-103-87 ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരുടെ പ്രതിഫലം "എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**

**ജയ് മേരി ജോൺ**
**ധനകാര്യ ജോയിന്റ് സെക്രട്ടറി**

പകർപ്പ്

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

3. ഡയറക്ടർ ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ്
4. എല്ലാ ജില്ലാ കളക്ടർമാർക്കും (ദേശീയ സമ്പാദ്യ പദ്ധതി ഡയറക്ടർ വഴി)
5. എല്ലാ ജില്ലകളിലെയും ദേശീയ സമ്പാദ്യ പദ്ധതി ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ദേശീയ സമ്പാദ്യ പദ്ധതി ഡയറക്ടർ വഴി)
6. എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും (ദേശീയ സമ്പാദ്യ പദ്ധതി ഡയറക്ടർ വഴി)
7. നോഡൽ ഓഫീസർ, www.finance.kerala.gov.in
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ